പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത | 11.12.2018-ൽ |
| ചോദ്യം നമ്പർ :3672. | മറുപടിയ്ക്ക് |

## പ്രൊഫഷണൽ കോഴ്സുകളുടെ സിലബസ് പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ | ഡോ.കെ.ടി.ജലീൽ |
| ശ്രീ. മോൻസ് ജോസഫ് | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് |
| ശ്രീ. സി.എഫ്.തോമസ് | ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| ഡോ.എൻ. ജയരാജ് | |

| | | | |
|---|---|---|---|
| (എ) | എഞ്ചിനീയറിംഗ്, മെഡിക്കൽ, ലോ, പാരാമെഡിക്കൽ മേഖലകളിലെ പ്രൊഫഷണൽ കോഴ്സുകളുടെ സിലബസ്സുകൾ കാലോചിതമായി പരിഷ്കരിക്കുന്നകാര്യം ഗൗരവമായി പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (എ) | ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളായ;<br>എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല 2019 അദ്ധ്യയന വർഷം മുതൽ എ.ഐ.സി.ടി.ഇ മോഡൽ കരിക്കുലത്തിന്റെ അടിസ്ഥാനത്തിൽ സിലബസ് പരിഷ്കരിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.<br>കേരള സർവകലാശാലയിൽ ലോ കോഴ്സുകളുടെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് യു.ജി.സി.യുടെ നിർദ്ദേശപ്രകാരം സിലബസ് 2019 മുതൽ പരിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്.<br>എം.ജി. സർവകലാശാലയിൽ ത്രിവത്സര, പഞ്ചവത്സര എൽ.എൽ.ബി സിലബസ് പരിഷ്കരിച്ച് 2018 പ്രവേശന ബാച്ച് മുതൽ നടപ്പാക്കിയിട്ടുണ്ട്. ലോ, |

| | | | |
|---|---|---|---|
| | | | പി.ജി കോഴ്സുകളുടെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>കാലിക്കറ്റ് സർവകലാശാലയിൽ ഇപ്പോൾ നിലനിൽക്കുന്ന ലോ കോഴ്സുകളുടെ സിലബസുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതാണ്.<br>കണ്ണൂർ സർവകലാശാല ബി.എ. എൽ.എൽ.ബി., എൽ.എൽ.എം എന്നീ കോഴ്സുകളുടെ സിലബസ്സുകൾ സമയബന്ധിതമായി പരിഷ്കരിക്കാറുണ്ട്.<br>മെഡിക്കൽ, പാരാമെഡിക്കൽ കോഴ്സുകളുടെ സിലബസ്സ് പരിഷ്കരണം സംബന്ധിച്ച നടപടികൾ ടി സ്ഥാപനങ്ങളുടെ ഭരണവകുപ്പായ ആരോഗ്യവകുപ്പിൽ നിന്നാണ് കൈക്കൊള്ളുന്നത്. |

സെക്ഷൻ ഓഫീസർ